**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3517** **11/12/2018-ൽ മറുപടിയ്ക്ക്**

# പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിലെ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ കെ.കുഞ്ഞിരാമൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

**(എ)** കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ എത്ര എസ്റ്റേറ്റുകളാണ് ഉള്ളത്; ഇതിൽ എത്ര ഹെക്ടർ സ്ഥലമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

**(എ)** കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന് മൂന്ന് എസ്റ്റേറ്റുകളാണ് ഉള്ളത്.

ഇവയിൽ താഴെപ്പറയും പ്രകാരം സ്ഥലമാണുള്ളത്.

1. കാസർഗോഡ് - 2065 ഹെക്ടർ
2. ചീമേനി - 1123.11 ഹെക്ടർ
3. രാജപുരം - 1522.91 ഹെക്ടർ

**(ബി)** ഈ എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്നതിന് എത്ര തൊഴിലാളികളാണ് വേണ്ടത്; നിലവിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

**(ബി)** കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകളിൽ നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും, മൊത്തം ആവശ്യമുള്ളവരുടെ എണ്ണവും ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമാണ്.

| ക്രമ നം. | എസ്റ്റേറ്റ് | നിലവിലെ സ്ഥിരം തൊഴിലാളികളുടെ എണ്ണം | മൊത്തം ആവശ്യമുള്ളവരുടെഎണ്ണം | നിലവിലുള്ള താല്ക്കാലിക തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | കാസർഗോഡ് | 83 | 182 | |
| 2 | ചീമേനി | 11 | 57 | |
| 3 | രാജപുരം | 23 | 56 | |
| | **ആകെ** | 117 | 295 | 243 |

| | | | |
|---|---|---|---|
| (സി) | തൊഴിലാളികളുടെ എണ്ണക്കുറവ് ജില്ലയിലെ പ്ലാന്റേഷന്റെ പ്രവർത്തനത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. സ്ഥിരം തൊഴിലാളികളെയും താല്ക്കാലിക തൊഴിലാളികളെയും ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ഡി) | എങ്കിൽ കൂടുതൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | എൻഡോസൾഫാൻ ബാധിതരുടെ ആശ്രിതരായ 25 പേരെ നിയമിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. കൂടാതെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള താൽക്കാലിക തൊഴിലാളികളെ സ്ഥിരം തൊഴിലാളികളാക്കുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.